"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- നോർത്ത് പറവൂർ നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഡിംബിൾ വി എസ് ന് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1481/2023/LSGD തീയതി,തിരുവനന്തപുരം, 20-07-2023

---

പരാമർശം:-

1. ശ്രീമതി.ഡിംബിൾ വി എസ് സമർപ്പിച്ച 18-11-2021ലെ അവധി അപേക്ഷ.
2. വടക്കൻ പറവൂർ നഗരസഭ സെക്രട്ടറിയുടെ 20-5-2022ലെ ജി1-4985/17 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 20-6-2023ലെ LSGD/PD/939/2023-DEF2 നമ്പർ കത്ത്.

**ഉത്തരവ്**

നോർത്ത് പറവൂർ നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഡിംബിൾ വി എസ് ന് കുഞ്ഞിന്റെ സംരക്ഷണാർത്ഥം 23.11.2021 മുതൽ 31.05.2022 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സൂചന (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സൂചന (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി.ഡിംബിൾ വി എസ് 26-5-2021 മുതൽ 22-11-2021 വരെ പ്രസവാവധിയിലായിരുന്നുവെന്നും ടിയാൾ അവധി കഴിഞ്ഞു 01.06.2022 ൽ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നോർത്ത് പറവൂർ നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ഡിംബിൾ വി എസ് ന് പ്രസവാവധിയെ തുടർന്ന് കുഞ്ഞിന്റെ സംരക്ഷണാർത്ഥം 23/11/2021 മുതൽ 21/01/2022 വരെ ആർജ്ജിതാവധിക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ കെ. എസ് ആർ ഭാഗം 1 ചട്ടം 102 ന് ചുവടെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെയും 22/01/2022 മുതൽ 31/05/2022 വരെ ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ കെ എസ് ആർ ഭാഗം 1 ചട്ടം 88 പ്രകാരവും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, നോർത്ത് പറവൂർ നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി ഡിംബിൾ വി.എസ്,ഓഫീസ് അറ്റൻഡന്റ്,വടക്കൻ പറവൂർ നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 20-07-2023 14:48:54

സെക്ഷൻ ഓഫീസർ